8-ാം വർഷം

2024 നവംബർ 10

പള്ളിക്കൂദാശ രണ്ടാം ഞായർ



Laity Reflect on SYRO-MALABAR SUNDAY MASS SCRIPTURE READINGS

നിത്യജീവൻ

അവകാശമാക്കാൻ എന്തു വേണം ?

പുറ 6:1-8; ഏശ 49:1-7; 1 പത്രോ 1:3-7; മത്താ 19:23-30

ഉപേക്ഷിക്കുക, ത്യജിക്കുക എന്നൊക്കെ പറയുന്നത് ഭാരതീയ പാരമ്പര്യത്തിലെ പ്രധാനപ്പെട്ട ചിന്തയാണല്ലോ. ഫിലിപ്പിയാ ലേഖനം 2-ാം അധ്യായം 5 മുതലുള്ള വാക്യങ്ങൾ ഈ ത്യജിക്കലിന്റെ ഉന്നതമായ, ദൈവികമായ ദൃഷ്ടാന്തം വി. പൗലോസ് അനുവാചകരുടെ മുമ്പിൽ അവതരിപ്പിക്കുന്നുണ്ട്. നിങ്ങൾ ആരെങ്കിലും എന്നെ അനുഗമിക്കാൻ ഇച്ഛിച്ചാൽ സ്വയം ത്യജിക്കണം, കുരിശെടുക്കണം - മറ്റൊരു വഴിയുമില്ല. ക്രിസ്തു സ്വർഗ്ഗത്തിലെ മഹിമകളെല്ലാം ഉപേക്ഷിച്ച്, തന്റെ പിതാവിനോടുള്ള സമത്വം മുറുകെ പിടിക്കാതെ, സ്വയം ത്യജിച്ച് സ്വയം ശൂന്യവൽക്കരിച്ച്, ദാസവേഷമെടുത്ത് താഴെയ്ക്ക് ഇറങ്ങി വരുന്നു- Descension കുരിശെടുക്കുവാനും കഷ്ടതയനുഭവിക്കുവാനും അപമാനവും നിന്ദയും പരിഹാസവുമൊക്കെ ഏറ്റുവാങ്ങുവാനുമുള്ള ഭാവവുമുണ്ടായിരുന്നു. ഈ പരിശുദ്ധിയില്ലാതെ നിത്യജീവനില്ല എന്നു വചനം വ്യക്തമാക്കുകയാണ്. നിത്യ ജീവൻ അവകാശമാക്കാൻ എന്തു നന്മ ചെയ്യണമെന്നു ചോദിക്കുന്ന ധനികനായ യുവാവിന് യേശു രണ്ടു ഘട്ടങ്ങളിലായി മറുപടി നൽകുന്നു. ആദ്യഘട്ടത്തിൽ യേശു നൽകുന്ന ഉത്തരത്തിൽ നിത്യജീവനിൽ പ്രവേശിക്കാൻ നിയമങ്ങൾ അനുസരിക്കുക അനിവാര്യമാണെന്ന് വ്യക്ത മാക്കുന്നു. എന്നാൽ ഇക്കാര്യങ്ങളെല്ലാം താൻ നിർവത്തിക്കുന്നുണ്ട് എന്നു പറഞ്ഞ് ന്യായീകരിക്കുന്ന യുവാവിനോട് യേശു നൽകുന്ന മറുപടിയാണ് ഈ സംഭാഷണത്തിന്റെ ശ്രദ്ധാകേന്ദ്രം. തൃപ്തികരമായ മനോഭാവത്തോടെ

ജോസ് തട്ടിൽ

യേശുവിനെ സമീപിച്ച ആ യുവാവിന് അനിവാര്യമല്ലെങ്കിലും മാതൃകാപരമായതും നിത്യജീവൻ പ്രാപിക്കാൻ കൂടുതൽ സഹായവുമായ ഒരു മാർഗ്ഗം യേശു നിർദേശിച്ചു കൊടുത്തു: നീ പൂർണ്ണനാകാൻ ആഗ്ര ഹിക്കുന്നെങ്കിൽ നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്കു കൊടുക്കുക - അപ്പോൾ സ്വർഗ്ഗത്തിൽ നിനക്കു നിക്ഷേപമുണ്ടാകും (19:21) വില യേറിയ രത്നം കണ്ട വ്യാപാരി തനിയ്ക്കുള്ളതെല്ലാം വിറ്റ് ആ രത്നം വാങ്ങുന്നതുപോലെയാണ് സ്വർഗ്ഗരാജ്യം എന്നു യേശു പറഞ്ഞ ഉപമയിലെ സന്ദേശം തന്നെയാണ് ധനികനായ ആ യുവാവിനോടു യേശു പറഞ്ഞത്.

നിത്യജീവൻ പ്രാപിക്കാൻ നിയമങ്ങൾ അനുസരിച്ചാൽ മാത്രം പോരാ, യേശുവിന്റെ ശിഷ്യനായിത്തീരണം. ധനികനായ ആ യുവാവിനെ സംബന്ധിച്ച് അവന്റെ സമ്പത്ത് യേശുവിന്റെ ശിഷ്യനാകാൻ തടസ്സമാ യിരുന്നതുകൊണ്ടാണ് യേശു അവന് അത്തരമൊരു ഉപദേശം നൽകിയത്. യഹൂദജനം നിയമങ്ങൾ അനുസരിച്ചാൽ മാത്രം മതി, രക്ഷ പ്രാ പിക്കാൻ എന്നു കരുതിയിരുന്നു. യേശു ആ ചിന്താഗതി തിരുത്തുകയും രക്ഷ പ്രാപിക്കാൻ ശിഷ്യത്വം അനിവാര്യ മായ വ്യവസ്ഥയായി പ്രഖ്യാ പിക്കുകയുമായിരുന്നു.

പരിത്യാഗത്തിന് യുഗാന്ത്യോന്മുഖമാനം

സമ്പന്നൻ ദൈവരാജ്യത്തിൽ പ്രവേശിക്കുക ദുഷ്ക്കരമാണെന്നു യേശു ശിഷ്യന്മാരെ പഠിപ്പിച്ചു. യേശുവിനെ പിൻചെല്ലാൻ സമ്പത്ത് തട സ്സമായ യുവാവിന്റെ ഉദാഹരണം യേശു ശിഷ്യന്മാരുടെ മുമ്പിൽ വയ് ക്കുന്നു. സ്വർഗ്ഗരാജ്യ പ്രവേശനത്തിന് യേശുവിന്റെ ശിഷ്യനാവുക അനി വാര്യമാണ്. ആയതിനാൽ ധനികൻ നേരിടുന്ന പ്രതിസന്ധി ഗുരുതരമാണ്. ആ ഗുരുതരാവസ്ഥ നാടകീയമായി അവതരിപ്പിക്കുകയാണ് ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നതുമായി താരതമ്യം ചെയ്തുകൊണ്ട് നട ത്തുന്നത്. ആ പ്രയോഗത്തിന്റെ ലക്ഷ്യം മനുഷ്യനെ മാനസാന്തരത്തി ലേയ്ക്ക് ക്ഷണിക്കുക എന്നതാണ്. രക്ഷ ദൈവികമായ ദാനമാണ്; അതു കൊണ്ടാണ് ദൈവത്തിന് എല്ലാം സാധ്യമാണ് എന്നു വിവക്ഷിക്കുന്നത്.

ഈ അവസരത്തിൽ പത്രോസ് ശിഷ്യന്മാരുടെ അവസ്ഥ യേശു വിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നുണ്ട്. അവർ എല്ലാം ഉപേക്ഷിച്ച് യേശുവിനെ പിൻചെന്നവരാണല്ലോ.. അവർക്കു എന്തു നേട്ടമാണ് ഉണ്ടാകുക എന്ന സംശയം സ്വാഭാവികമാണല്ലോ. യേശു അവർക്ക് രണ്ടു വാഗ്ദാന ങ്ങൾ നൽകുകയാണ്. ഈ ലോകവുമായി ബന്ധപ്പെട്ടതും യുഗാന്ത്യോന്മുഖവും. ഇത് അന്ത്യവിധിയുമായി ബന്ധപ്പെട്ടതാണ്. യേശു ശിഷ്യന്മാരെ സുവിശേഷം പ്രഘോഷണത്തിനായി ഇസ്രായേ ലിലേയ്ക്ക് അയക്കുക യുണ്ടായി. അവരെ സ്വീകരിക്കാതിരിക്കുകയും അവരുടെ സന്ദേശം തിര സ്ക്കരിക്കുകയും ചെയ്യുന്നവർക്ക് വിധി ദിവസത്തിൽ ശിക്ഷയുണ്ടാ കുമെന്ന് ശിഷ്യന്മാരെ അയക്കുന്ന അവസരത്തിൽത്തന്നെ പറയു ന്നുണ്ട്. (മത്തായി 10:5-15). യുഗാന്ത്യോന്മുഖ കാഴ്ചപ്പാടിൽ വേണം ശിഷ്യന്മാർ തങ്ങൾക്കു ലഭിക്കുന്ന പ്രതിഫലത്തെക്കുറിച്ചു ചിന്തിക്കാൻ. അല്ലായിരുന്നുവെങ്കിൽ അവർ തങ്ങൾക്കുള്ളതെല്ലാം ഉപേക്ഷിക്കേണ്ടിയി രുന്നില്ല.

പരിത്യാഗത്തിന് യുഗാന്ത്യോന്മുഖമാനം നൽകി കൊണ്ട് ലൂക്കാ സുവിശേഷകൻ ഇപ്രകാരം എഴുതിവച്ചിരിക്കുന്നു:

'നിങ്ങളുടെ സമ്പത്ത് ദാനം ചെയ്യുവിൻ പഴകിപ്പോകാത്ത പണ സഞ്ചികൾ കരുതിവയ്ക്കുവിൻ. ഒടുങ്ങാത്ത നിക്ഷേപം സ്വർഗത്തിൽ സംഭരിച്ചു വയ്ക്കുവിൻ. അവിടെ കള്ളന്മാർ കടന്നുവരുകയോ ചിതൽ നശിപ്പിക്കുകയോ ഇല്ല (ലൂക്കാ 12:33)

ഭൗമിക സമ്പത്തിനേക്കാൾ ആത്മരക്ഷയ്ക്ക് ഉതകുന്ന നിക്ഷേപ ത്തിന്റെ സമാഹാരത്തിനുള്ള പ്രധാന്യം ഈശോ വ്യക്ത മാക്കുന്നു ണ്ടിവിടെ.

അസ്സീസിയിലെ വി. ഫ്രാൻസീസ്, ധാനാഢ്യനായ പിതാവിന്റെ മകനായിട്ടും തന്റെ മാനസാന്തരത്തിനുശേഷം ഈ ലോകമോഹ ങ്ങളോ അപ്പന്റെ പക്കൽ ധാരാളമായുള്ള സമ്പത്തോ, വിശുദ്ധനെട്ടും പ്രലോഭിപ്പിച്ചില്ല. ഒന്നിനെയും സ്നേഹിക്കാതെ പണവും പ്രശസ്തിയും അധികാരവുമൊന്നും തനിക്കുവേണ്ട എന്ന വലിയ പരിത്യജിക്കൽ - അതെല്ലാം വിട്ടുകൊടുത്ത് കുരിശെടുക്കുവാനുള്ള മനസ്സാണ് ഈ ലോക ത്തിലും സ്വർഗ്ഗത്തിലും ഫ്രാൻസിസിനെ പ്രശസ്തനാക്കിയത്. വിശുദ്ധ നാക്കിയത്. അദ്ദേഹത്തിന്റെ ചിന്ത മുഴുവൻ പാവപ്പെട്ടവരോടൊപ്പമാ യിരുന്നു. അതു ആഭിജാത്യത്തിനും അന്തസ്സിനും നിരക്കുന്നതായിരുന്നില്ല. ഇക്കാര്യത്തിൽ അപ്പനോട് മറുതലിച്ചപ്പോൾ, അപ്പന്റെ സ്വത്തിന്റെ ഓഹരി ഉപേക്ഷിച്ച് തെരുവിലേക്കിറങ്ങിയപ്പോൾ, ആ വിശുദ്ധൻ സ്വർഗ്ഗ ത്തിൽ തന്റെ നിക്ഷേപം സ്വരുക്കൂട്ടുകയായിരുന്നു. തെരുവിൽ താൻ കണ്ടുമുട്ടിയ കുഷ്ഠരോഗിയെ ഫ്രാൻസീസ് സന്തോഷത്തോടെ ആലിം ഗനം ചെയ്തപ്പോൾ ആ കുഷ്ഠരോഗി പറഞ്ഞത് ഇപ്രകാരമായിരുന്നു. ഞാൻ അങ്ങയിൽ ക്രസ്തുവിനെ മണക്കുന്നു - I smell Christ in You'. ക്രിസ്തുവിന്റെ പരിമളം ആ കുഷ്ഠരോഗിക്ക് ഫ്രാൻസീസ് സമ്മാനിച്ചത് അവനെ ചേർത്തുപിടിച്ചുകൊണ്ടാണ്. അതാണ് പരിശുദ്ധിയുടെ നിദാനം. പണം ചേർത്തുപിടിക്കുന്നതല്ല, സമ്പത്ത് ചേർത്തു പിടിക്കുന്നതല്ല, പ്രതാപവും അധികാരവും ചേർത്തു പിടിക്കുന്നതല്ല, അതെല്ലാം വിട്ടുകൊടുക്കുന്നതാണ് കർത്താവിന്റെ ഭാവം. ഈ സുവിശേഷം മൂല്യം മനസ്സിലാക്കിയതുകൊണ്ടാകാം സ്വാമി വിവേകാനന്ദൻ പറയുന്നത്. - "Highest love for God can never be achieved without renunciation" അദ്ദേഹം വീണ്ടും പറഞ്ഞുവച്ചു: "There will be no spiritual strength unless one

renounces world". വിശുദ്ധവായനയുടെ മറുപുറങ്ങളിൽ വിധി കർത്താവും സ്വർഗ്ഗീയ നിക്ഷേപങ്ങളുടെ പ്രസക്തിയും

മനുഷ്യപുത്രനെക്കുറിച്ചുള്ള പരാമർശം ദാനിയേൽ 7:9-14 നെ ആസ്പദമാക്കിയുള്ളതാണ്. ഇവിടെ പ്രത്യക്ഷനാകുന്ന വിധി കർത്താവായ മനുഷ്യപുത്രൻ യേശുവാണെന്ന് വ്യാഖ്യാനിക്കപ്പെടുന്നു. കാഴ്ചകളുടെ സമൃദ്ധിയാണ് ഈ ദർശനവിവരണത്തിന്റെ പ്രത്യേകത. സർവ്വശക്തനായ ദൈവം പുരാതനനായവൻ - സിംഹാസനത്തിൽ ഉപ വിഷ്ടനാണ്; സിംഹാസനം ന്യായാധിപപഠീവും. ഇവിടെ, സിംഹാസന ങ്ങൾ (ദാനിയൽ 7:9) എന്നതിലൂടെ സർവ്വശക്തൻ കൂടാതെ മാലാഖ മാരും രക്തസാക്ഷികൾ തുടങ്ങി നീതിക്കുവേണ്ടി ത്യാഗം ചെയ്ത് ആത്മീയ നിക്ഷേപങ്ങൽ കൂട്ടിവച്ചവരും ഉൾപ്പെടുന്നു. പുനരുത്ഥാനം ക്രൈസ്തവവിശ്വാസത്തിന്റെ ശക്തമായ അടിത്തറയാണല്ലോ. വരാൻ പോകുന്ന ലോകത്തിന്റെ ആദ്യഫലമായി ക്രിസ്തുവിനെയാണ് വി.പൗലോസ് അവതരിപ്പിക്കുന്നത് (1 കൊറി 15:20-28) പിന്നെ ക്രിസ്തുവിന്റെ ആഗ മനത്തിൽ അവനുള്ളവരും (15:23). മനുഷ്യപുത്രനേയും യുഗാന്തത്തേ യും ചേർത്തുള്ള ദർശനങ്ങൾ മത്തായി 24,25 അധ്യായങ്ങൽ പ്രതിപാ ദിച്ചിട്ടുണ്ട്. അപ്പസ്തോലന്മാരുടെയും അവരുടെ പിൻഗാമികളുടെയും ദൈവരാജ്യപ്രഘോഷണം സ്വീകരിക്കുകയോ തിരസ്ക്കരിക്കുകയോ ചെയ്യുന്നതു വിധി ദിവസത്തിൽ നിർണ്ണായകമായിരിക്കും, അപ്പസ്തോലന്മാർ അവരുടെ വിധികർത്താക്കളായിരിക്കുകയും ചെയ്യും. നൂറിരട്ടി ലഭിക്കും എന്നത് സഭയുടെ കാലത്ത് സംഭവിക്കുന്നതും നിത്യജീവൻ അവകാശമാക്കും എന്നത് (മത്തായി 19:29) യുഗാന്തത്തിൽ സംഭവിക്കാ നിരിക്കുന്നതുമാകാനാണ് സാധ്യത. ഈ വാഗ്ദാനം യേശുവിനെ അനു ഗമിക്കാൻ വേണ്ടി എല്ലാം



ഉപേക്ഷിച്ച എല്ലാവർക്കുമുള്ളതാണ്. നൂറിരട്ടി ലഭിക്കും എന്നത് മനുഷ്യന്റെ ഭാവനയ്ക്ക് അതീതമായ സമ്മാനം എന്നാണർത്ഥം.

'A happy death is a masterpiece, and no masterpices was ever perfected in a day' People fear death chiefly because they are not prepared for it. On the other hand, ' Death is a beautiful thing before him who dies before he dies, by dying daily to the temptations of the world, the flesh and the devil' Fulton J. Sheen

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com